DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

09-05-2021

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനം തുടരുന്ന സാഹചര്യത്തിൽ രോഗപ്രതിരോധ നിയന്ത്രണങ്ങളുടെ ഭാഗമായി പല മേഖലകളെയും കണ്ടയിന്റ്മെന്റ്സോൺ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കർഷകരുടെ വളർത്തുമൃഗങ്ങളുടെയും മൃഗചികിത്സാ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും ചികിത്സാ ഉപദേശങ്ങൾ നൽകുന്നതിനുമായി മൃഗസംരക്ഷണവകുപ്പിൽ ടെലിവെറ്ററിനറി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ജില്ലാതലത്തിൽ ഒരുകാൾസെന്റർ എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 8 മണിമുതൽ 1 മണിവരെ പ്രവർത്തിക്കുന്നതാണ്. ജില്ലകളിലെ കാൾസെന്ററിലെ ഫോൺ നമ്പർ ഇനി പറയുന്നു. കർഷകർ ഈ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

തിരുവനന്തപുരം -0471-2302643, കൊല്ലം -0474-2795076, പത്തനംതിട്ട - 0468-2270908, ആലപ്പുഴ - 0477-2252635, കോട്ടയം - 0481 -2564623, ഇടുക്കി - 0486-2223878, എറണാകുളം -0484-2351264, തൃശ്ശൂർ - 0487-2440232, പാലക്കാട് - 9447303310, മലപ്പുറം - 0483- 2734815, കോഴിക്കോട് -0495-2368349, വയനാട് -04936 -202729, കണ്ണൂർ - 0497- 2700184, കാസർഗോഡ് - 04994-224624

## കേരള കാർഷിക സർവ്വകലാശാല ഇ - പഠന കേന്ദ്രത്തിന്റെ ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ (സെന്റർ ഫോർ ഇ-ലേണിംഗ്) ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന Plant Propagation and Nursery Management എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറ് മാസമാണ് കോഴ്സിന്റെ കാലാവധി. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50 % മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **അപേക്ഷകർക്ക് സ്വന്തമായി ഇ-മെയിൽ ഐ.ഡിയും മൊബൈൽഫോൺ നമ്പറും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.** SSLC, പ്രീഡിഗ്രി / പ്ലസ് ടു / വി.എച്ച്.എസ്.ഇ. എന്നിവയിൽ ഏതെങ്കിലും / തത്തുല്ല്യമോ, ഉയർന്നതോ ആയ മറ്റു വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ സ്കാൻ ചെയ്ത് പകർപ്പ് celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണ്. പ്രായപരിധിയില്ലാതെ ഏത് ജോലി ചെയ്യുന്നവർക്കും മറ്റു കോഴ്സുകൾ പഠിക്കുന്നവർക്കും ലോകത്തിന്റെ വിവിധ ഭാഗത്ത് താമസിക്കുന്നവർക്കും ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്.

നിശ്ചിത യോഗ്യതയുള്ളവര് 67368597330 എന്ന അക്കൗണ്ട് നമ്പറിലേക്ക് ഓൺലൈൻ ബാങ്കിംഗ് വഴിയോ NEFT വഴിയോ ചുവടെ ചേർത്തിട്ടുള്ള കോഴ്സ് ഫീസ് അടയ്ക്കേണ്ടതാണ്. **രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : 2021 മെയ് 25**

<u>ഫീസ് നിരക്കുകൾ:</u>

ഒരു വ്യക്തി/ പഠിതാവ് : **6500** രൂപ

വിദ്യാർഥികൾ : **3250** രൂപ

20 പേർ അടങ്ങുന്ന ഗ്രൂപ്പ് : **5000** രൂപ/ പഠിതാവ്

50 പേർ അടങ്ങുന്ന ഗ്രൂപ്പ് : **4000** രൂപ/ പഠിതാവ്

100 പേർ അടങ്ങുന്ന ഗ്രൂപ്പ് : **3250** രൂപ/ പഠിതാവ്

**2021 മെയ് മാസം 26**-)o തീയതി ഓൺലൈൻ ക്ലാസ്സുകള് ആരംഭിക്കുന്നതാണ്. കൂടുതൽ വിശദശാംശങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും 9567190858 , 7994076410, 9497353389 എന്നീ ഫോൺ നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.

## അറിയിപ്പ്

തിരുവനന്തപുരംകുടപ്പനക്കുന്ന്, പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും പൂവൻ കോഴിക്കുഞ്ഞുങ്ങൾ കോഴിക്കുഞ്ഞ് ഒരെണ്ണത്തിന് 10 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് സജ്ജമാണ്. കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ള ഉപഭോക്താക്കൾ 0471- 2730804 എന്ന ഫോൺ നമ്പരിൽ കോഴിവളർത്തൽ കേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണെന്ന് കുടപ്പനക്കുന്ന്, പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിലെ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

## പൈനാപ്പിൾതൈകൾലഭ്യമാണ്

വാഴക്കുളം പൈനാപ്പിൾ ഗവേഷണകേന്ദ്രത്തിൽ നിന്നും MD-2 ഇനം പൈനാപ്പിൾ തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. വില 20 രൂപ. കൂടുതൽ വിവരങ്ങൾക്ക് 0485-2260832 എന്ന നമ്പരിൽ ബന്ധപ്പെടുക.

കൂടാതെ പാഷൻഫ്രൂട്ടിന്റെ മഞ്ഞ, പർപ്പിൾ തൈകളും 20 രൂപ നിരക്കിൽ ലഭ്യമാണ്.

## അറിയിപ്പ്

കോട്ടയം ജില്ലയിലെ പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം മണർകാട് നിന്നുംഎല്ലാ ബുധൻ, ശനി ദിവസങ്ങളിൽ ഒരുദിവസം പ്രായമായ ഗ്രാമശ്രീ പിടക്കുഞ്ഞിനെ 22 രൂപയ്ക്കും പൂവൻ കുഞ്ഞിനെ 10 രൂപയ്ക്കും വിതരണം ചെയ്യുന്നതായി അസിസ്റ്റന്റ്ഡയറക്ടർ അറിയിച്ചു. ബുക്കിങ്ങിനായി ബന്ധപ്പെടേണ്ട നമ്പർ 8301897710, 0481-2373710

## ഗ്രാഫ്റ്റ്തൈകൾവിൽപ്പനയ്ക്ക്ലഭ്യമാണ്

ആലപ്പുഴ, മാവേലിക്കര ജില്ലാകൃഷിത്തോട്ടത്തിൽ പ്ലാവ്, മാവ്, ഗ്രാഫ്റ്റ്തൈകൾ, ജാമ്പപ്പതി, പേര, ചെറിത്തൈകൾ പി.കെ.എം-1, മുരിങ്ങ തൈകൾ തുടങ്ങിയവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0479-2357690 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

വേനൽക്കാലത്തുജാതിയിൽഉണ്ടാകുന്ന പ്രധാന രോഗങ്ങൾ കായ്കൊഴിച്ചിലും കൊമ്പുണക്കവുംകരിംപൂപ്പ്രോഗവുമാണ്. അവയ്ക്കായുള്ളസംയോജിത നിയന്ത്രണ മാർഗ്ഗങ്ങൾ ഇനി പറയുന്നു.

രോഗം ബാധിച്ച ഇലകളും കായ്കളും നശിപ്പിക്കുകയും ഉണങ്ങിയ കൊമ്പുകൾ വെട്ടി നശിപ്പിക്കുകയും ചെയ്ത് തോട്ടത്തിൽ മുഴുവനായും ശുചിത്വം പാലിക്കുക. ജാതിയിൽ കായ് പിടുത്തം കൂട്ടുന്നതിനും, കായ് കൊഴിച്ചിൽ തടയുന്നതിനും, കുമിൾ രോഗബാധ നിയന്ത്രിക്കുന്നതിനും സ്യൂഡോമോണാസ് ഫ്‌ളൂറാസൻസ് 20 ഗ്രാം ഒരുലിറ്റർ വീര്യത്തിൽ കായ്പിടുത്ത സമയത്ത് തളിച്ചുകൊടുക്കുക. 20 ഗ്രാം ചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കിയ ലായനിയുടെ തെളിയിൽ 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിയ്ക്കുന്നതിന് കൂടുതൽ ഫലപ്രദമാണ്. ജലസേചനം അത്യാവശ്യമുള്ള ഒരുവിളയാണ് ജാതി.എന്നാൽ വെള്ളം കെട്ടിനിർത്തിക്കൊണ്ടുള്ള ജലസേചന രീതിക്കു പകരം തടങ്ങളിൽ നനവുറപ്പാക്കിക്കൊണ്ടുള്ള രീതിയിലൂടെ ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗപ്പെടുത്താനാകും. പൊട്ടാഷ് അഭാവമുള്ള മരങ്ങളിൽ കൃത്യമായി വളപ്രയോഗം നടത്തുക. കരിംപൂപ്പ് രോഗങ്ങൾ കാണുന്ന ഇലകളിൽ കഞ്ഞിവെള്ളം തളിക്കുക. ചെമ്പു കലർന്ന കുമിൾനാശിനികൾ ഉപയോഗിക്കുന്നത് രോഗനിയന്ത്രണത്തിന് ഫലപ്രദമാണ്.

## അറിയിപ്പ്

കൃഷി സംബന്ധമായ അറിവുകൾക്കും സംശയ നിവാരണത്തിനുമായി കാർഷികവികസന കർഷകക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന, "കാർഷികവിവരസങ്കേതം" കോൾസെന്ററിലേയ്ക്ക് കർഷകർക്ക് രാവിലെ 8 മുതൽ രാത്രി 8 മണിവരെയുള്ള സമയത്ത ്1800-425-1661 എന്ന ടോൾഫ്രീ നമ്പരിലൂടെ

ബന്ധപ്പെടാവുന്നതാണ്. കൂടാതെ 9447051661 എന്ന വാട്സ്ആപ്പ് നമ്പറിലൂടെ രോഗകീട ആക്രമണ ലക്ഷണങ്ങളുടെ ചിത്രങ്ങളും സന്ദേശങ്ങളും അയച്ചും സംശയങ്ങൾ ദൂരീകരിക്കാവുന്നതാണ്.